**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **26-07-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നാഷണൽ ഹൈവേ ബൈപ്പാസ് റോഡിന്റെ ഫ്ലൈ-ഓവർ അവസാനിക്കുന്നിടങ്ങളിൽ സർവ്വീസ് റോഡിനോട് ചേർന്നുള്ള കാനകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കുതിരപ്പന്തിയിൽ സർവ്വീസ് റോഡിനോടനുബന്ധിച്ചുള്ള കാനയുടെ മുൻ ഭാഗം തുറന്നുകിടക്കുന്നതു മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്ലാബിടുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം കാനകളിൽ നീരൊഴുക്കില്ലാതെ, വെള്ളം കെട്ടിനിൽക്കുന്നതും കൊതുക് ശല്യം ഉണ്ടാകുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ കാനയിൽ വെള്ളം കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത സർവ്വീസ് റോഡ് റെയിൽ ട്രാക്കിന് സമീപം വന്ന് യു ടേൺ പോകുന്ന സ്ഥലത്ത് നിന്ന് 300 മീറ്റർ വടക്കു ഭാഗത്തേയ്ക്ക് പുതിയ റോഡു നിർമ്മിച്ചാൽ തെക്ക് കിഴക്ക് ജില്ലകളിൽ നിന്നും ആലപ്പുഴ-ബീച്ച്-റെയിൽ സ്റ്റേഷൻ എന്നിവിടങ്ങളിലേക്കും തീരദേശ റോഡിലേയ്ക്കും വേഗം എത്താൻ കഴിയുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ആലപ്പുഴ ബൈപ്പാസിനോടനുബന്ധിച്ച ആറുവരി പാതയുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) യാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പാതയുടെ നിർമ്മാണത്തിൽ ഈ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)യെ അറിയിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത സർവ്വീസ് റോഡിൽ നിന്ന് മുന്നൂറുമീറ്റർ പുതിയ റോഡ് നിർമ്മിച്ച് റെയിൽ സ്റ്റേഷന്റെ സൗത്ത് ഗേറ്റിലേയ്ക്കോ വെറ്റക്കാരൻ - വട്ടയാൽ റോഡിലേയ്ക്കോ ബന്ധിപ്പിച്ചാൽ ചുരുങ്ങിയ ചെലവിലും സമയത്തിലും വലിയൊരു ഗതാഗതമാർഗ്ഗം തുറന്നുവരുമെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഇ) | ആലപ്പുഴ ബൈപ്പാസിനോടനുബന്ധിച്ച ആറുവരി പാതയുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) യാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പാതയുടെ നിർമ്മാണത്തിൽ ഈ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)യെ അറിയിക്കുന്നതാണ്. |
| (എഫ്) | ഇതു സംബന്ധിച്ച് പരിശോധന നടത്തി | (എഫ്) | ആലപ്പുഴ ബൈപ്പാസിനോടനുബന്ധിച്ച ആറുവരി |

| | | | |
|---|---|---|---|
| | അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | | പാതയുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) യാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പാതയുടെ നിർമ്മാണത്തിൽ ഈ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)യെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ